**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2146** **06-07-2022 - ൽ മറുപടിയ്ക്ക്**

**മെഡിക്കൽ കോളേജുകളിൽ മോഡേൺ ഇന്റർവെൻഷണവൽ റേഡിയോളജി ഡിപ്പാർട്ട്മെന്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ മോഡേൺ ഇന്റർവെൻഷണൽ റേഡിയോളജി ഡിപ്പാർട്ട്മെന്റ് രൂപീകരിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ടോ; എങ്കിൽ ആയതിനുള്ള നടപടികൾ സ്വീകരിക്കാമോ; | (എ) | തിരുവനന്തപുരം, കോട്ടയം, കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജുകളിൽ നിലവിൽ ഇന്റർവെൻഷണൽ റേഡിയോളജി വിഭാഗം പ്രവർത്തിച്ചു വരുന്നുണ്ട്. ആലപ്പുഴ സർക്കാർ ടി.ഡി മെഡിക്കൽ കോളേജിൽ ടി വിഭാഗത്തിന്റെ സേവനം ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ത്വരിത ഗതിയിൽ നടന്നു വരുന്നു. |
| (ബി) | തൃശ്ശൂർ മെഡിക്കൽ കോളേജിൽ ആയത് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ബി) | തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജിൽ ഇന്റർവെൻഷണൽ റേഡിയോളജി വിഭാഗം ആരംഭിക്കുന്നതിനുള്ള നടപടികൾ നിലവിൽ ആരംഭിച്ചിട്ടില്ല. ആയതിന്റെ ആവശ്യകത സംബന്ധിച്ച പഠന റിപ്പോർട്ട് ലഭ്യമാകുന്ന മുറക്ക് സർക്കാർ പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ